## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **6283** **07.11.2016**-ലെ മറുപടിക്ക്

### കെ.എസ്.ആർ.ടി.സിയിലെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റ്റി.വി.രാജേഷ് | | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |
| (എ) കെ.എസ്.ആർ.ടി.സി.യിലെ റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ, പെയിന്റർ ഗ്രേഡ്-2 തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ എന്നും ഇവയുടെ കാലാവധി എപ്പോൾ അവസാനിക്കുമെന്നും അറിയാമോ ;എങ്കിൽ വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സിയിലെ റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ, പെയിന്റർ എന്നീ തസ്തികകളിലുളള പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ റാങ്ക് ലിസ്റ്റുകളുടെ കാലാവധി 31.12.2016-നും, പെയിന്റർ ഗ്രേഡ് 2 റാങ്ക് ലിസ്റ്റിന്റെ കാലാവധി 24.03.2017-നും അവസാനിക്കും. |
| (ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്; പുതുതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) താൽക്കാലികമായി ജോലി ചെയ്യുന്നവരെ ഒഴിവാക്കി പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ ഇത്തരം കേസ്സുകളിന്മേലുളള അന്തിമ വിധിക്ക് അനുസരിച്ച് മാത്രമായിരിക്കും കെ.എസ്.ആർ.ടി.സിക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയുന്നത്. |

സെക്ഷൻ ഓഫീസർ